

BLOOM BUDS

# GOVT.H.S.S KULASEKHARAMANGALAM
# VAIKOM, KOTTAYAM

## SCHOOL CODE: 45011

**E-mail ID: ghssksmangalam@gmail.co**



# ആമുഖം

ലോകം അനുനിമിഷം മാറി കൊണ്ടിരിക്കുകയാണ്. ദൂരവും സമയവുംതീർക്കുന്ന അതിർ വരമ്പുകൾ അതിവേഗം മാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. വിവരവിനിമയസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ,അസാധ്യമായെണ്ണിയിരുന്ന പലതിനേയും സാധ്യമാക്കിയിരിക്കുന്നു. പുത്തൻ സാങ്കേതികവിദ്യയുടെ ഫലമായി ക്ലാസ് മുറികൾ മൾട്ടീമീഡിയ സൗകര്യങ്ങളുള്ള സ്മാർട്ട് ക്ലാസുകളായി അതിവേഗം പരിണമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ശാസ്ത്രത്തിന്റെയും നിത്യജീവിതത്തിന്റെയും എല്ലാ മേഖലകളിലും വിവരവിനിമയസാങ്കേതികവിദ്യ വിപുലവും വിസ്മയകരവുമായ മാറ്റങ്ങൾ വരുത്തി. പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടേയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസപ്രക്രിയയിൽ വിവരവിനിമയസാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വലിയ പങ്കു വഹിക്കാനാകും. പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കുവാനും അത് മറ്റുള്ളവരിലേക്ക് എത്തിക്കാനുമുള്ള വൈദഗ്ധ്യവുമാണ് ഞങ്ങൾ " ലിറ്റിൽ കൈറ്റ്സ് " കൂട്ടായ്മയിലൂടെ നേടിയത്.

നൂറു വർഷം പിന്നിട്ട മഹനീയമായ വിദ്യാലയമാണ് ജി. എച്ച്. എസ്. എസ്.കെ. എസ്. മംഗലം. ഒത്തിരിയൊത്തിരി മഹത് വ്യക്തികൾ പഠിച്ചിറങ്ങിയ ഒരു വിദ്യാലയ മാണ് നമ്മുടേത്. സ്കൂളിലെ ഒരു കുട്ടിക്കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ എല്ലാ അംഗങ്ങളുടെ രചനാ പരമായ കഴിവുകൾ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുന്നു.

ലിറ്റിൽ കൈറ്റ്സ്

ജി.എച്ച്.എസ്.എസ്. കുലശേഖരമംഗലം

# ആശംസകൾ

**ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ സ്കൂളിൽ ഒരു മാഗസിൻ തയറാക്കുന്നു എന്നത് വളരെ സന്തോഷപ്രദമാണ്. ഇൻഫർമേഷൻ ടെക്നോളജിയിൽ , കുട്ടികൾ നേടിയ കഴിവുകൾ വ്യക്തമാക്കുന്ന ഒന്നായ ഈ മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.**

**ഹെഡ്മിസ്ട്രസ്സ്**

# നന്ദി

ഞങ്ങളുടെ ഈ ഉദ്യമം പൂർത്തിയാക്കുന്നതിൽ ദൈവാനുഗ്രഹം ഉണ്ടെന്ന് വിശ്വസിക്കുന്നു അതോടൊപ്പം ഇതിനുവേണ്ട നിർദേശങ്ങൾ നൽകിയ ഞങ്ങളുടെ എസ്സ്.ഐ.റ്റി.സി.ഷീല ടീച്ചറിനും, കൈറ്റ് മിസ്സ്ട്രസ്സ്മാരായ മസ്സീന ടീച്ചർക്കും, സീമ ടീച്ചർക്കും , മറ്റ് എല്ലാ അധ്യപകർക്കും, അനധ്യാപകർക്കും അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

## ഉള്ളടക്കം

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ......7
ഒരിക്കലും മുറിയാത്ത സഹോദരബന്ധം......8
പട്ടം......8
വേഗമുറങ്ങൂ......9
മഹാപ്രളയത്തെ നേരിട്ട മഹാജനത......10
C V RAMAN......11
ചോദ്യോത്തരങ്ങൾ......11
കുസൃതി ചോദ്യം......12
വൈക്കം മുഹമ്മദ് ബഷീർ......12
IMPORTANT......13
THOUGHTS......13
LAL BAHADUR SHASTRI......14
......14
ഹരിതവിദ്യാലയം......15
Another Chance......16
......16
കേരളം എന്നു കേട്ടാൽ......17
ഞാറ്റുപാട്ട്......18
ഒരു സങ്കീർത്തനം പോലെ......19
തുലാവർഷ രാത്രി......20
*IRA SINGHAL*......21
ചോദ്യോത്തരങ്ങൾ......22
VAIKOM VIJAYALAKSHMI......22
പ്രളയം വിഴുങ്ങിയ കേരളം......23
ശേഷിക്കുന്ന സ്വപ്നങ്ങൾ......23
അഭിമുഖം......24
രാമാനുജൻ [1887-1920]......25
ഗാന്ധിജി......25
QUIZ......26
മദ്യവും മയക്കുമരുന്നും......27
Juliane koepcke......27
അമ്മ......28
പെയ്ത് തോർന്ന മഴ......28
MAHATMA GANHDI......29
ഭീകരനെ തിന്നുന്ന ഭീകരൻ......30

പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ......30
എന്തുരസം......31
വേഗമുറങ്ങൂ......31
ആപ്പിൾ നേതാവ്......32
പ്രളയം വിഴുങ്ങിയ ജീവിതം......32
ഓണം വരവായ്......33
ഉപന്യാസം......34
DR. RAJENDRA PRASAD......35
കോഴിയും കുറുക്കനും......36
CHARLES BABBAGE......36
EARTH......37
പ്രളയാനുഭവം......37

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

Mistress

MASEENA E A
SEEMA SOMANATHAN

Leader
AKASH S

Deputy Leader
ANAMIKA SASIDHARAN

NANDANA P A
DEVIKA DAS
AVANI AJEEV
MIDHUNA MUKUNDAN
APARNA MANOJ
ANJANA S
SREELAKSHMI KS
ANJANA K K
APARNAKRISHNA R
SREELAKSHMI S
APARNA SAJEEVAN
POURNAMI M
PARVATHY SABU
RAVEENA M S
SREELAKSHMI SHIBU
SURYA VIJAYAN
ADITHYA SURESH
PAVITHRA P
SIVARANJINI J
ATHIRA T P
GOWTHAMKRISHNA A R
VISHAL GOPI
ALAN BABU
ADITHYAN K S
SANJU C S
AVINASH P B
ARUNKUMAR D R
AROMAL ANAND

# ഒരിക്കലും മുറിയാത്ത സഹോദരബന്ധം



*ഒരിടത്ത് ഒരു സഹോദരനും സഹോദരിയും ഉണ്ടായിരുന്നു ആ സഹോദരന് എല്ലാമായിരുന്നു തന്റെ സഹോദരി. സഹോദരിയാകട്ടെ എന്നും വെറുത്തിരുന്നു. പലപ്പോഴും തള്ളിപ്പറയുകയും, ശകാരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഒന്നിനും പ്രതികരിക്കാതെ നിൽക്കുമായിരുന്നു സഹോദരൻ. അങ്ങനെയിരിക്കെ സഹോദരി രോഗം ബാധിച്ച് കിടപ്പായി, മരണത്തെ മുഖാമുഖം കണ്ടുനിൽക്കെ അതുവരെ തന്നെ സ്നേഹിച്ചവർ കൂടെയുണ്ടായിരുന്നില്ല. അപ്പോൾ തന്നെ പരിചരി ക്കാനും സഹായിക്കാനും താൻ എന്നും വെറുത്തിരുന്ന സഹോദരൻ മാത്രമേ ഉണ്ടായി രുന്നുള്ളു. അവൾ അങ്ങനെ സഹോദരബന്ധം തിരിച്ചറിഞ്ഞു. ഒരു വാക്കിൽ ഒതുങ്ങുന്നതല്ല സഹോദരബന്ധം എന്ന്.*



അഞ്ജന എസ്. (9B)

# പട്ടം

പച്ചവിരിച്ച കുന്നിൻമുകളിൽ
പട്ടംപറത്തി കളിക്കാൻ വാ
ഉയർന്ന്പൊങ്ങും പട്ടത്തിൻ
ചരടുപിടിച്ച് ഓടാൻ വാ

പട്ടം മേലെ ആകാശത്ത്
വട്ടം ചുറ്റി ഓടുമ്പോൾ
പട്ടച്ചരട് പൊട്ടിപ്പോയി
കുത്തിമറിഞ്ഞ് വീഴല്ലേ



ആദിത്യൻ (9A)

**മഹാപ്രളയത്തെ നേരിട്ട മഹാജനത**



99-ന് ശേഷം മലയാളകരയെ ഇളക്കി മറിച്ച ഒരു പ്രളയമാണ് ഈ വർഷം ഉണ്ടായത്. ഇനി ഒരിക്കലും ഇങ്ങനെ ഒരു ദുരന്തം ഉണ്ടാകാതിരിക്കട്ടെയെന്ന് നമ്മുക്ക് പ്രാർത്ഥിക്കാം. ഒരുമയോടെ നിന്ന മനുഷ്യരുടെ ഒത്തൊരുമ്മയാണ് കേരളത്തെ പുനർനിർമ്മിച്ചത്.

ഒരു പക്ഷേ നാം, മനുഷ്യർ പ്രകൃതിയോട് ചെയ്ത ക്രൂരതയ്ക്കെതിരെ പ്രകൃതി ഷോഭിച്ചതുമാക്കാം. "നാം മനുഷ്യർ" എന്ന ഒറ്റ വാക്യത്തിൽ ഒരുമിച്ച കേരളം.

ഈ ദുരന്തമുണ്ടായത് ഒരു ഓണക്കാലത്താണ് പുതുവസ്ത്രങ്ങളുമായി നിൽക്കുന്നതിന് പകരം വസ്ത്രം വരെ നഷ്ട്ടപ്പെട്ടിരുന്നു. മാവേലി ഏറ്റവും അധികം സന്തോഷിച്ച ഓണം ഇതായിരിന്നിരിക്കും. കാരണം  മനുഷ്യരുടെ ഒത്തൊരുമ. ഈ നിമിഷം കേരളത്തിന്റെ പല കോണുകളിൽ നിന്നും ഉയർന്ന നിലവിളികൾക്ക് കാതോർത്തത് നാവികസേനയും മത്സ്യതൊഴിലാളികളുമാണ്.

തന്റെ ശരീരം തന്നെ ചവിട്ടുപടിയാക്കി ജീവൻ പോലും പണയപ്പെടുത്തിയ മത്സ്യത്തൊഴിലാളികൾക്കും നാവികസേനയ്ക്കും ഒരായിരം നന്ദി.


പുനർനിർമിച്ച ഈ കേരളം ഇനിയൊരിക്കലും നഷ്ടപ്പെടരുത് എന്ന് നമുക്ക് പ്രാർത്ഥിക്കാം.





മിഥുന മുകുന്ദൻ (9B)

## C V RAMAN




Sir Chandrashekhara venkata Raman was an Indian physicist born in the former Madras province in India presentlythe state of Tamil nadu ,who carried out ground-breaking work in the field of light scattering,which earned him the 193 Nobel prize for physics. He was died on 21, November 1970 in bengaluru.



SREELAKSHMI K S(9B)

## ചോദ്യോത്തരങ്ങൾ

*ഗാന്ധിജിയെ കൂടാതെ ഒക്ടോബർ 2 ജന്മദിനമായ ദേശീയനേതാവാരാണ് ?
-ലാൽ ബഹദൂർ ശാസ്ത്രി

*ലോകത്തിലെ ഏറ്റവും ചെറിയ ലിഖിത ഭരണഘടനയുള്ള രാജ്യം ഏതാണ് ?
-അമേരിക്ക

*അമേരിക്കയിലെ ഏറ്റവും വലിയ സംസ്ഥാനം ഏതാണ് ?
-അലാസ്ക

* ഇന്ത്യയിലെ ഡെൻമാർക്ക് എന്ന് വിളിക്കപ്പെടുന്ന സംസ്ഥാനം ഏത്?
-ഹരിയാന

* കേരള Student Police (spc) നിലവിൽ വന്ന ആദ്യ ജില്ല ?
-കോഴിക്കോട്



അഞ്ജന കെ.കെ.(9B)

# കുസൃതി ചോദ്യം

ആരും ആഗ്രഹിക്കാത്ത പണം?

ആരോപണം

തലയിൽ  കാല് വച്ച് നടക്കുന്ന ജീവി?

പേൻ

വെള്ളത്തിൽ  വീണാൽ  നനയാത്ത  വസ്തു?

നിഴൽ

ആവശ്യമുള്ളപ്പോൾ  വലിച്ചെറിയും
ആവശ്യം കഴിഞ്ഞാൽ  സൂക്ഷിച്ചുവെയ്ക്കും?

മീൻ വല

തലകുത്തി  നിന്നാൽ വലുതാകുന്നതാര്?

ആറ്

ഇടത്തെ  കയ്യിനാൽ പിടിക്കാം എന്നാൽ
വലത്തെ  കയ്യിനാൽ പിടിക്കാൻ കഴിയില്ല?

വലത്തെ  കൈമുട്ട്

വെട്ടും തോറും  നീളം കൂടുന്നതെന്ത്?

വഴി

നട്ടാൽ മുളയ്ക്കാത്ത പയർ?

അമ്പയർ

വാഹനങ്ങളുമായി  ബന്ധപ്പെട്ട നൃത്തരൂപം?

ബ്രേക്ക് ഡാൻസ്

താമസിക്കാൻ പറ്റാത്ത വീട്?

ചീവീട്



പവിത്ര പി.(9A)

## വൈക്കം മുഹമ്മദ് ബഷീർ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വതന്ത്ര്യസമര പോരാളിയുമായി രുന്ന ബേപ്പൂർ സുൽത്താൻ എന്ന അപര നാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം.21 ജനുവരി  1908) തലയോലപറമ്പ്, വൈക്കത്ത് ജനനം. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുനധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിക്കപ്പെട്ടു. ജനകീയനായ എഴുത്തുകാരനായിരുന്ന  ബഷീർ രസകരവും സാഹസികവുമായിരുന്ന ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത് കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയാണ് ബഷീറിന്റെ ജീവിത്തിൽ വഴിത്തിരിവായത്. ഗാന്ധിജിയെ തൊട്ടു എന്ന് പിൻകാലത്ത് അദേഹം

അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ലെ കോഴിക്കോട്ട് സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. ഗവൺ പത്മശ്രീ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 1994 ജൂലൈ 5-ന് അദ്ദേഹം ലോകത്തോട് വിടപറഞ്ഞു.



അനാമിക ശശിധരൻ(9B)

# IMPORTANT

# THOUGHTS

1."Every student can learn ,just not on the same day,or the same way."

2."Exams and grades are temporary but education is permanent."

3." The good teacher makes the poor student good and the good students superior."

4. "At school, you're not allowed to fail;the wrong answer is a bad thing.But all failures teach you something."

5."Your best teacher is your last mistake."

6."We all need people who will give us feedback. That's how we improve."



SREELAKSHMI S(9B)

# LAL BAHADUR SHASTRI



LAL BAHADUR SHASTRI was born in 1905 in Prayag. His father Sharada Prasad , a school teacher at the local school, passed away when Lal Bahadur was barely a year and a half. Growing up without a father forced Lal Bahadur to accept responsibility at an early age. He was sent by his Uncle to Varanasi to pursue his studies.

After a short stay with a family that treated him unkindly, Lal Bahadur stayed with a teacher , Mishraji. Mishraji often sat and told stories about how India lost her freedom to the British to young Lal Bahadur. These conversations later inspired Lal Bahadur to join the struggle for Indian freedom.

In 1965 pakistan attacked India on the kashmiri front and Lal Bahadur Shastri responded in kind by punching towards Lahore. In1966 a cease- fire was issued as a result of inter national pressure. Lal Bahadur Shastri went to Tashkent to hold talks with Ayub khan and an arrangement was soon signed. Lal Bahadur passed away in Tashkent befor returning home on January 11,1966.He was posthumously conferred with the Bharat Ratna Award.



മിഥുന മുകുന്ദൻ(9B)

# ഹരിതവിദ്യാലയം



മണ്ണിനെക്കുറിച്ചും കൃഷിയെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചു മെല്ലാം ഒട്ടേറെ കാര്യങ്ങൾ കുട്ടുകാർക്ക് പഠിക്കാനുണ്ടല്ലോ. കൃഷി നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനശിലയാണ്. കൃഷി ചെയ്തെങ്കിലേ നമുക്ക് ഭക്ഷണമുള്ളു. ഭക്ഷണമുണ്ടെങ്കിലേ ജീവിതമുള്ളു എന്ന് ഓർക്കുമ്പോൾ തന്നെ കൃഷിക്കുള്ള സാമൂഹ്യ പ്രാധാന്യം എത്രമാത്രമാണെന്ന് ഊഹിക്കാമല്ലോ. കൃഷിയെപ്പറ്റി പുസ്തകത്തിൽ വായിച്ചു പഠിച്ചാൽ പോര. പ്രായോഗികമായി ചെയ്ത് അനുഭവങ്ങൾ ഉണ്ടാക്കിയെടുക്കാനും നാം പഠിക്കണം. നമ്മുടെ വിദ്യലയങ്ങളെ ഇതിന് എങ്ങനെ പ്രയോജനപ്പെടുത്താം എന്നു പരിശോധിക്കണം. അതോടൊപ്പം നമ്മുടെ വിദ്യാലയ പരിസരത്തെ എങ്ങനെ ഹരിതാഭയുള്ളതാക്കി മാറ്റാം എന്നതിനെക്കുറിച്ചും ചിന്തിക്കണം. പല സ്കൂളുകളിലും ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമായി നടന്നുവരുന്നുണ്ട്. സ്കൂൾ പരിസരത്തെ പച്ചപ്പുള്ള, ശീതളഛായ തരുന്ന ഒരിടമാക്കി മാറ്റിയാൽ കത്തിയെരിയുന്ന വേനലിലും നമുക്കുണ്ടാവുന്ന സുഖം വേറെ തന്നെ. രക്ഷിതാക്കളുടെയും അധ്യാപകരുടെയും സഹായത്തോടെ ഇത് സാധിച്ചെടുക്കാം.



അഞ്ന എസ്. (9B)

## Another Chance

**(Helen Steiner Rice)**

**How often we wish for another chance**
**To make a fresh beginning.**
**A chance to blot out our mistakes**
**And chance failure into winning.**

**It does not take a new day**
**To make a brand new start**
**It only takes a deep desire**
**To try with all our heart.**

**To live a little better**
**And to always be forgiving**
**And to add a little sunshine**
**To the world in which we're living**

**So never give up in despair**
**And think that you are through**
**For there's always a tomorrow**
***And the hope of starting new.***



***Sreelakshmi Shibu(9B)***

# കേരളം എന്നു കേട്ടാൽ...

* ചരിത്രരേഖകളിൽ ഹെർക്വില എന്ന് വിശേഷി ക്കപ്പെടുന്ന പ്രദേശം?
ഉ : കാസർഗോഡ്
* ലോകത്തിൽ ആദ്യമായി ഭൗമസൂചിക പദവി ലഭിച്ച മരം?
ഉ : നിലമ്പൂർ തേക്ക്
* മലയാള സർവകലാശാലയുടെ ഔദ്യോഗിക പ്രസിദ്ധീകരണം?
ഉ : എഴുത്തോല
*കേരള ചരിത്ര മ്യൂസിയം സ്ഥിതി ചെയ്യുന്നത് എവിടെ?
ഉ : ഇടപ്പള്ളി
*ചുമർ ചിത്ര നഗരം എന്നറിയപ്പെടുന്ന ജില്ല?
ഉ : കോട്ടയം
*കേരളത്തിലെ താറാവ് വളർത്തൽ കേന്ദ്രം സ്ഥിതി ചെയ്യുന്നതെവിടെ?
ഉ : നിരണം
*ചന്ദ്രഗിരി കോട്ട സ്ഥിതി ചെയ്യുന്നതെവിടെ?
ഉ : കാസർഗോഡ്
*തെക്കെ ഇന്ത്യയിലെ കാശ്മീർ എന്നറിയപ്പെടുന്ന സ്ഥലം?
ഉ : മൂന്നാർ
*ഏഷ്യയിലെ ആദ്യ ആർച്ച് ഡാം?
ഉ : ഇടുക്കി
*തൃപ്പടി ദാനം നടന്നത് എന്ന്?
ഉ :1750 ജനവരി 3
*കേരളത്തിൽ ഏറ്റവും കൂടുതൽ സർക്കർ സ്കൂളുകൾ ഉള്ള ജില്ല?
ഉ : മലപ്പുറം
*കേരളത്തിന്റെ നെല്ലറ എന്നറിയപ്പടുന്ന ജില്ല?
ഉ : പാലക്കാട്
*പ്രതിമകളുടെ നഗരം എന്നറിയപ്പെടുന്ന ജില്ല?
ഉ : തിരുവനന്തപുരം
*കേരളത്തിൽ ഏറ്റവും കൂടുതൽ റിസർവ്വ് വനങ്ങൾ ഉള്ള ജില്ല?
ഉ : പത്തനംതിട്ട
*ജനസാന്ദ്രത ഏറ്റവും കുറഞ്ഞ ജില്ല?
ഉ : ഇടുക്കി



*പാർവതി സാബു (9B)*

# ഞാറ്റുപാട്ട്

അന്നാം പിന്നാം മഴ പൊയിക്കണ്
കറുത്ത മാനത്തിക്കുടുക്കമോ?
നെലത്തിപ്പെയ്യണ മയയും നമ്മടെ
പൊരക്കുമ്മോളിലും കൊടയിണോ?

കാറുംകൊണ്ടേ മാനം നമ്മടെ
കരളീക്കെടന്നു പെടിക്കണേ
ആനവാലൻ തേരു കൊണ്ടോരു
മയവില്ലിമ്മണി  തെളിഞ്ഞെടി

വരമ്പിൻ കുയിയിക്കെടന്ന നമ്മടെ
കുയിയൻ നെലനിത്തെളിഞ്ഞെടീ
കന്നിപ്പുള്ള കറമ്പൻ  പുള്ളയൊ
ന്നൊളവി മറിഞ്ഞു കെടക്കിണേ

ഞാറുനട്ടു നട്ടുവ്വ കുനിണ
കറുമ്പിപ്പെണ്ണുങ്ങളൊരുതരം
മുട്ടിക്കുനി മുത്തുകെളവിയും
കട്ടക്കാലിക്കറുമ്പിയും

വലിച്ചും പിരിച്ചും നടണം നമ്മടെ
തലക്കണ്ടത്തിന്റെ പൊലി പൊലി
ഒരു നെരയ്ക്കു നന്നൊരു  പറയ്ക്കുള്ള
നെര നെരത്തെടീ കറുമ്പിച്ചി

ആറുമാതക്കള്ളിമാരെല്ലാം
നടുക്കണ്ടത്തിലോട്ടെറങ്ങട്ടെ
പുള്ളയൊള്ള തള്ളമാരെല്ലാം
വരമ്പരിവത്തു  നെരക്കട്ടെ



സൂര്യ വിജയൻ(9A)

# ഒരു സങ്കീർത്തനം പോലെ

-പെരുമ്പടവം ശ്രീധരൻ

മലയാളത്തിലെ പ്രശസ്തനോവലിസ്റ്റായ പെരുമ്പടവം ശ്രീധരന്റെ ഒരു സങ്കീർത്തനംപോലെ എന്നത് മലയാള നോവലിലെ ഒരു ഏകാന്ത വിസ്മയമാണ്. അദ്ദേഹത്തിന്റെ ഉത്താജിതമായ ഒരു നിമിഷത്തിന്റ വെളിപാടിലാണ് ആ കൃതി എഴുതിയത് എന്ന് സമർഥിക്കുന്നതാണ് ഈ കൃതി. ഒരു കഥാകൃത്തിന്റെ തെറ്റായ ചില ധാരണകളാണ് ഏവരുടെയും മനസിലുള്ളത് ജീവചരിത്രകാരന്മാർ കാണിച്ചുതന്ന അപസ്മാര രോഗിയും മദ്യപാനിയും ചൂതുകളിക്കാരും ആസ്മാരോഗിയുമായ ദസ് തയേവ്സ്കിയുടെ ഉള്ളിൽ മറ്റൊരു ദസ് തയേവ്സ്കിയെ അന്വേഷിക്കുകയാണ് അദ്ദേഹം. ഒരു നോവലിസ്റ്റിന്റെ അടുത്ത് സ്റ്റെനോഗ്രാഫറായി ഒരാളെത്തുന്നതാണ് കഥയുടെ തുടക്കം. നോവലിസ്റ്റായി ദസ് തയേവ്സ്കിയും സ്റ്റെനോയായി അന്നയുമാണ് എത്തുന്നത്.നോവലിലെ വേറെ പ്രധാനപ്പെട്ട ചില കഥാപാത്രങ്ങളാണ് ഫെദോസ്യ , മേരി സ്റ്റെല്ലോവ്സ്കി എന്നിവർ. ഒരു മധ്യവയസ്കനായ ദസ് തയേവ്സ്കിയുടെ അടുത്ത് ഇരുപത് വയസ്സുകാരിയായ അന്ന എന്ന പെൺകുട്ടി എത്തുന്ന . ജീവിതത്തിൽ വളരെയധികം ആത്മസംഘർഷം അനുഭവിക്കുന്ന ഒരു വ്യക്തിയാണ് ദസ് തയേവ്സ്കി. അദ്ദേഹത്തെ ഒരു കടക്കെണിയിൽ നിന്ന് രക്ഷപ്പെടാൻ തന്റെ ഒരു നോവൽ സ്റ്റെല്ലോവ്സ്കി എന്ന് ആൾക്ക് കൊടുക്കാൻ വേണ്ടി എഴുതുന്ന നോവൽ, എഴുതാൻ സഹായിക്കാനാണ് അന്ന വന്നത്. ഭാര്യ മരിച്ചുപോയ അദ്ദേഹത്തിന് സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ലാളന കിട്ടുന്നത് അന്നയിലൂടെയാണ് അത് അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ സ്പർശിച്ചു. തന്റെ ജീവിതത്തിലെ എറ്റവും വലിയൊരാളുടെ കൂട്ടത്തിലായിരുന്ന അന്നയ്ക്ക് ദസ് തയേവ്സ്കി കഥയുടെ അവസാന ഭാഗത്ത്അവർ തമ്മിൽ ഒരുമിക്കുന്നു. ആ നിമിഷത്ത് അദ്ദേഹം വെളിപ്പെടുത്തുന്നത് ദുരന്തത്തിന്റെയോ , മരണത്തിന്റെയോ ,ഗർത്തത്തിൽ നിന്ന് ഒരാത്മാവ് ദൈവികമായ ഒരു നിമിഷത്തിൽ ഉയർത്തെഴുന്നേറ്റ് അനശ്വരതയുടെ ഏതോ ഒരു ശിഖര ത്തിൽവെച്ച് അതിന്റെ ഇണയെ കണ്ടുമുട്ടുന്നതുപ്പോലെയായിരുന്നു അത്.



അപർണകൃഷ്ണ ആർ.(9B)

# തുലാവർഷ രാത്രി

തുലാവർഷ രാത്രിയിൽ പെരുമഴയിൽ പുഴകൾ നിറഞ്ഞൊഴുകി വൃക്ഷങ്ങൾ ആടിയുലഞ്ഞു. തകരഷീറ്റുകളിലും ഓടു പൊട്ടിയകൂരകളിലും വാർത്തെടുത്ത ഭവനങ്ങളിലും മഴത്തുള്ളി വലിയ ശബ്ദത്താൽ ഇടിമിന്നൽ നാദത്താൽ നൃത്തമാടി ആർത്തലച്ച് പെയ്യുന്ന മഴയിൽ ഒരു വീടുമാത്രം മണ്ണെണ്ണവിളക്കിൻ ചാരെ പൊട്ടിയ ഓടിൽ നിന്ന് വീഴുന്ന മഴത്തുള്ളികൾ സ്വീകരിക്കാൻ തകരപാത്രങ്ങൾ നിരത്തിവെയ്ക്കുന്നു .

ഒരു മൂലയിൽ കടിച്ചുപിടിച്ച വേദന പുറത്തേക്കെടുത്ത്ഒരു യുവതി. അവൾ തന്റെ വേദന,പ്രസവവേദനയായല്ല തന്റെ ജീവിത്തിൽ പറ്റിയ തെറ്റിന്റെ ദു:ഖത്താൽ നീറി നീറി പുകയുന്ന മനസ്സിലെ വേദനകൾഅലറിക്കരഞ്ഞു തീർക്കുകയാണ്. അപ്പോഴും മഴ അതിഗംഭീരമായി നൃത്തമാടുന്നു. എങ്ങും മഴയുടെ കാൽപ്പെരുമാറ്റം

വിയർപ്പിൻ തുള്ളികൾ അവളുടെ നെറ്റിയിൽക്കൂടി കവിൾ തടങ്ങളിലൂടെ ചാലിട്ടൊഴുകി. അസഹ്യമായ വേദനയാൽ അവൾ തന്റെ സമീപമിരിക്കുന്ന അമ്മയുടെ കീറിതുടങ്ങിയ സാരി തുമ്പ് മുറുകെ പിടിച്ചു. പെരുമഴയുടെ താണ്ഡവത്തിൽ പിന്നീട് കേൾക്കാനായത് ഒരു കുഞ്ഞിന്റെ കരച്ചിൽ മാത്രമായിരുന്നു. തന്ത ഉപേക്ഷിച്ചു പോയ കുഞ്ഞിന്റെ മാതാവെന്ന
തലക്കെട്ട് ആ തുലാവർഷരാത്രയിൽ അവളിൽ ചാർത്തി.

അപമാനത്താൽ കുഞ്ഞിനെ പോറ്റാൻ ശേഷിയില്ലാത്തൊരു മാതാവെന്ന് അവൾ സ്വയം മുദ്രകുത്തി.വിശന്നു കരയുന്ന കുഞ്ഞിന് അമ്മിഞ്ഞ പാൽ നൽകി അവൾ വഴിയരികിൽ ഉപേക്ഷിച്ചു, ശേഷം തകരുന്ന മനസ്സുമായ് തിരിച്ചു വന്ന അവൾക്കു നേരെ അവളുടെ മാതാവ് പുതിയൊരു ജീവിതം അവൾക്ക് ആഹ്വനം ചെയ്തു .കാലവും മാറി നീണ്ട 16 വർഷങ്ങൾ ......

പുറം രാജ്യത്തെ ഉയർന്ന പാർപ്പിട സമുച്ചയത്തിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ ഭാര്യയായ് മൂന്നുകുട്ടികളുടെ മാതാവായ് ഇന്ന് അവൾ ജീവിക്കുന്നു. പഴയകാലം മറന്ന് പുതുജീവിത രീതി നേടി സുഖസൗകര്യങ്ങളോടെ അവൾ അവിടെ ജീവിച്ചു.

ചെറുപ്രായത്തിലുള്ള മൂന്നുകുട്ടികൾ അവരെ നോക്കാൻ ഒരു വേലക്കാരനെ നോക്കി നടന്നപ്പോൾ ,കുറഞ്ഞ കൂലിക്ക് വീട് വരെ നോക്കുന്ന അഷ്ടിക്ക് വകയില്ലാത്ത ഒരു ചെറുക്കനെ കിട്ടി . രാവിലെ ജോലിക്ക് പോകുന്ന ഭർത്തവും ഭര്യയും ,അവൻ അവരെ എങ്ങനെയാണ് നോക്കുന്നതെന്ന് അവർ ശ്രദ്ധിക്കുകയോ തിരക്കുകയോ ചെയ്തില്ല. മൂന്നുകുട്ടികളെയും അവൻ നന്നായ് നോക്കി എന്നാൽ ഒരിക്കൽപ്പോലും അവരുടെ സന്തോഷങ്ങളിൽ അവൻ പങ്കാളിയായില്ല. അവർ അതിന് ആഗ്രഹിച്ചുമില്ല. ഭക്ഷണം അവന് ലഭിക്കാത്ത ദിവസം വളർത്തുനായ കഴിച്ചതിന്റെ ബാക്കിയും അവരുടെ എച്ചിൽപാത്രത്തിലെ വറ്റുകളും വെള്ളവും കുടിച്ച് അവൻ വിശപ്പടക്കി.

ജോലിക്കിടയിൽ പറ്റിയ മുറിവ് പഴുത്തു. മുറിവ് പഴുത്ത കൈകളിൽ ഒരു ഡോക്ടറായിട്ട് കൂടി അവർ മരുന്നുവച്ചുകൊടുത്തില്ല. അത് പൊട്ടി നാറിയപ്പോൾ കുട്ടിയെ എടുക്കാനാഞ്ഞ അവനെ ഒരു പുഴുത്തപട്ടിയെപോലെ അവർ ആട്ടിയകറ്റി. ആ വീഴ്ചയിൽ നിലത്തുവീണ അവന്റെ പഴുത്ത മുറിവിൽ കുട്ടികളുടെ കളിപ്പാട്ടത്തിന്റെ സ്ക്രൂ തളഞ്ഞുകയറി. ആ വേദന കടിച്ചമർത്തി അവൻ ഒരി തൂണിൽ ചാരിയിരുന്നു.

കുട്ടികളെ മുറിയിൽ കയറ്റി മാസ്കും ഗ്ലൗസും ധരിച്ചെത്തിയ അവൾ
ഭർത്താവിന്റെ സഹായത്താൽ അവനെ പുറത്തേക്കുവലിച്ചെറിഞ്ഞു. കീറിപ്പറിഞ്ഞ
അവന്റെ ഷർട്ടിനിടയിലൂടെ അവന്റെ ശരീരത്തുള്ള മുറിവുകളും പഴുപ്പും ഊർനിറങ്ങി. റോട്ടിലേക്കെറിഞ്ഞ അവന്റെ ശരീരത്തിലെ ചിന്നഭിന്നമാക്കി ചരക്കുടക്കുകൾ പാഞ്ഞു. കുളിച്ച്

*മുറിയിലേക്ക് വന്ന ഇരുവരും പരസ്പരം വഴക്കിട്ടു.*

*രാത്രിയുടെ അവസാനത്തിലും ആ ഫ്ളാറ്റിൽ നിന്നും വഴക്കിന്റെ തീനാളങ്ങൾ പൊങ്ങി. 16 വർഷത്തിനു മുമ്പുള്ള തുലാവർഷ രാത്രിപോലത്തെ പെരുമഴയിൽ നദികൾ നിറഞ്ഞൊഴുകി ,വൃക്ഷങ്ങൾ ആടിയുലഞ്ഞു. തകരഷീറ്റുകളും കൂരകളിലും വാർത്തെടുത്ത ഭവനങ്ങളിലും ഇടിമിന്നലിന്റെ സഹായത്താൽ നൃത്തമാടി. ആ ആർത്തുലച്ചുപെയ്ത മഴയിൽ ജനിച്ച ആ ജീവൻ അവസാനം നിലച്ചതും തുലാവർഷരാത്രിയിലായിരുന്നു...........*

*നന്ദന പി.എ.(9B)* 

# IRA SINGHAL

*IRA SINGHAL,the topper in the civil services Examinations,2015. She has fought bravely against her disabilities in order to reach this prestigious position.*

*“ There are no problems in life except those that we choose to consider as problems. Life gives us challenges; it is up to us to take them as opportunities or problems. Everyone has different issues to handle, but how we handle them will define what impact we leave on the world.”*

***ദേവിക ദാസ് (9B)*** 

# ചോദ്യോത്തരങ്ങൾ

*ഗാന്ധിജിയെ കൂടാതെ ഒക്ടോബർ 2 ജന്മദിനമായ ദേശിയനേതാവാരാണ് ?
-ലാൽ ബഹദൂർ ശാസ്ത്രി

*ലോകത്തിലെ ഏറ്റവും ചെറിയ ലിഖിത ഭരണഘടനയുള്ള രാജ്യം ഏതാണ് ?
-അമേരിക്ക

*അമേരിക്കയിലെ ഏറ്റവും വലിയ സംസ്ഥാനം ഏതാണ് ?
-അലാസ്ക

* ഇന്ത്യയിലെ ഡെൻമാർക്ക് എന്ന് വിളിക്കപ്പെടുന്ന സംസ്ഥനം ഏത്?
-ഹരിയാന

* കേരള Student Police (spc) നിലവിൽ വന്ന ആദ്യ ജില്ല ?
-കോഴിക്കോട്

*അഞ്ജന കെ.കെ.(9B)*



## VAIKOM VIJAYALAKSHMI

Vaikom Vijayalakshmi was born in vaikom.Vaikom vijayalakshmi is a play back singer from kerala,India, she is an expert in a rare mucical istrument called Gayatriveena. She won special jury mention for her much appreciated work in the movie celluloid.





***ശ്രീലക്ഷ്മി കെ.എസ്.(9B)***

# പ്രളയം വിഴുങ്ങിയ കേരളം

## ശേഷിക്കുന്ന സ്വപ്നങ്ങൾ...



അനാമിക ശശിധരൻ(9B)

ദരിദ്രനെന്നോ ധനികനെന്നോ വേർതിരിവില്ലാതെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറേണ്ടി വരുന്ന ജീവിതങ്ങൾ. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട അനാഥജീവിതങ്ങൾ. ഇവയാണ് ഈ കഴിഞ്ഞ പ്രളയകാലം നമ്മുടെ കേരളത്തിന് സമ്മാനിച്ചത്.വളരേ ഭീതിജനകമായ ദിനങ്ങൾ. ഉരുൾപൊട്ടലും മലയിടിച്ചിലും വെള്ളപ്പൊക്കവും കേരളത്തെ കാർന്നുതിന്നു കഴിഞ്ഞിരിക്കുന്നു.

ഉള്ള ജീവനുമായി വീടും നാടും ഉപേക്ഷിച്ച് ക്യാമ്പുകളിൽ അഭയം പ്രാപിച്ചിരിക്കുന്ന കേരളീയർ. പൊലിഞ്ഞുപോയ ജീവിതങ്ങളെയോർത്ത് നമ്മുടെ നാട് വിലപിക്കുന്നു ജാതിയോ മതമോ ഒന്നും നോക്കാതെ ഒരുമയോടെ നിൽക്കുന്ന കേരളീയർ വളരെ വിശുദ്ധമായ ഒരുകാഴ്ച തന്നെയാണ്.എങ്കിലും ഈ പ്രളയം മൂലം കേരളം അനുഭവിച്ച യാതനകൾ വളരെ വലുതാണ്. എല്ലാം നേരയാക്കാംഎന്ന ശുഭാപ്തി വിശ്വാസമാണ് ഏതോരു കേരളീയന്റെയും മനസ്സിലുണ്ട്.എല്ലാം നേരിടാനുള്ള ഈ കഴിവ് തെളിയിച്ചിരിക്കുകയാണ് പ്രളയം.നമ്മുടെ നാടിന് വളരെ ആശ്വാസമേകിയത് നമ്മുടെ നാവികസേനയാണ്. സ്വന്തം ജീവന് വിലകല്പിക്കാതെയാണ് അവർ പ്രവർത്തിച്ചത്.

വീടുകളെയും പുഴകളെയും എല്ലാം വിഴുങ്ങിയ ഈ പ്രളയത്തെ ഒറ്റക്കെട്ടായി നിന്നാണ് കേരളജനത നേരിട്ടത്.ഓരോ സ്ഥലത്തും കുടുങ്ങി കിടന്നവരെ ഹെലികോപ്റ്റർ ഉപയോഗിച്ച് രക്ഷപ്പെടുത്തുകയും പോരാൻ കൂട്ടാക്കാതെ നിൽക്കുന്നവർക്ക് ഭക്ഷണം നല്കുകയും ചെയ്തു.

ഇനിയുള്ള നാളുകൾ അതിജീവനത്തിനായി മാറ്റി വെച്ചിരിക്കുന്നു. കുട്ടനാട് പോലെയുള്ള സ്ഥലങ്ങൾ ഇപ്പോഴും ദുരന്തത്തിലാണ്. ആ വീടുകളും സ്ഥലങ്ങളും ഒക്കെ വൃത്തിയാക്കുവാനും കേരളം ഒന്നിച്ചു നിന്നു. ഇപ്പോൾ കേരളത്തിൽ വിശുന്ന കാറ്റിനുപോലും ഒരുമയുടെ കഥ പറയാനുണ്ട്.

നമ്മുടെ നാടിന്റെ പുനർ നിർമ്മാണത്തിനായ് നമ്മുടെ മുഖ്യമന്ത്രി നിർദേശിച്ച മാർഗ്ഗം വളരെ നല്ലതാണ്. എല്ലാവരും അവരവരുടെ ഒരു മാസത്തെ ശമ്പളം ദുരിതബാധിതർക്കായി വെയ്ക്കണം. ഇതാണ് മുഖ്യമന്ത്രിയുടെ നിർദേശം. കേളത്തിന് ഒരു കൈത്താങ്ങാകാൻ നാലും അഞ്ചും വയസ്സ് മാത്രമുള്ള കുരുന്നുകൾ വരെ തയ്യറാകുകയാണ്.തന്റെ ആഗ്രഹം സാധിക്കുവാനായി
കരുതിവച്ച സമ്പാദ്യക്കുടുക്കകളാണ് ഇവർ രണ്ടാമത് ആലോചിക്കാതെ കേരളത്തിൽ ദുരിത്തിൽ കഴിയുന്നവർക്ക് നൽകിയത്. അതിജീവനത്തിനായി നിൽക്കുന്ന ഏതൊ കേരളീയന്റെയും മനസ്സിൽ ലോകമേ ഇതു കാണു ഏതോരു പ്രളയം വന്നാലും ഞങ്ങൾ തളരില്ല എന്നാണ് എന്ന് നമ്മുക്ക് മുഖത്ത് നിന്ന് വായിച്ചെടുക്കാൻ സാധിക്കും.

# അഭിമുഖം



അപർണകൃഷ്ണ ആർ.(9B)

## രോഗങ്ങളില്ലാതെ   ജീവിക്കാൻ

അപർണ  :-നമുക്കുണ്ടാവുന്ന മിക്ക രോഗങ്ങൾക്കും കാരണം മനുഷ്യർ തന്നെയാണെന്ന് ഡോക്ടർ പറഞ്ഞല്ലോ? എന്താണങ്ങനെ പറയുന്നത്?

ഡോക്ടർ  :-നമ്മുടെ ആഹാര രീതിയിൽ നിന്നാണ് പല രോഗ-ങ്ങളും ഉണ്ടകുന്നത്.പഴയ ആഹാരശീലങ്ങളെല്ലാം മാറിപ്പോയല്ലോ?കൃത്രിമമായി ഉണ്ടാക്കുന്ന ആഹാര പദാർത്ഥങ്ങൾ കഴിക്കുന്നത് ദോശം ചെയ്യും.ടിന്നി-ലടച്ചതും പാക്കറ്റിലാക്കിയും കിട്ടുന്ന ആഹാര പദാ-ർത്ഥങ്ങൾ വിൽക്കുന്ന വരെ കേടുകൂടാതെ നിൽക്ക-ണ്ടേ? അതിനു വേണ്ടി അവയിൽ പലതരം രാസ-പദാർത്ഥങ്ങൾ ചേർക്കുന്നുണ്ട്.

ദേവിക  :- കൊക്കകോളയിൽ  കീടനാശിനി കലർത്തുന്ന കാര്യം പത്രത്തിൽ വന്നതാണല്ലോ. ഇതിനൊക്കെ എന്താണ് സാർ പരിഹാരം.

ഡോക്ടർ :-കൃത്രിമാഹാരങ്ങൾ പൂർണ്ണമായും ഒഴിവാക്കലാണ് ഏറ്റവും നല്ല മാർഗം. പെട്ടന്ന് ഒഴിവാക്കാൻ പറ്റിയി-ല്ലെങ്കിൽ ഉപയോഗം കുറച്ചുകൊണ്ടു വരികയെങ്കിലും വേണം.ക്രമേണ വീട്ടിലുണ്ടാക്കുന്ന ആഹാരങ്ങൾ തന്നെ ഉപയോഗിക്കാൻ ശീലിക്കണം. ബോധവത്-കരണ പ്രവർത്തനങ്ങൾ നടത്തണം.

അനാമിക :-കുട്ടികളിൽ കാണുന്ന അമിത വണ്ണം എന്ന രോഗം ഇപ്പോൾ കൂടി കൂടി വരികയാണല്ലോ?ഇതിനെന്താണ് കാരണം?

ഡോക്ടർ  :-പൊണ്ണത്തടിയൻമാരുടെ തീറ്റ ശ്രദ്ധിച്ചിട്ടുണ്ടോ? വാരിവലിച്ച് തിന്നും അല്ലേ? മറ്റൊരു കാര്യം കൂടി-യുണ്ട് കേട്ടോ അമിത വണ്ണക്കാർ വ്യായാമം ചെയ്യു-ന്നത് വളരെ കുറവായിരിക്കും.ശരീരമനങ്ങി പ്രവർ-ത്തിക്കുമ്പോൾ മാത്രമേ കഴിച്ച ഭക്ഷണത്തിൽ നിന്നുള്ള ഊർജം പൂർണ്ണമായും ഉപയോഗിക്കപ്പെടൂ. ഇല്ലങ്കിൽ ഇത്  കൊഴുപ്പായി ശരീരത്തിൽ അടിഞ്ഞുകൂടും.

അഞ്ജന:-രോഗങ്ങൾക്കെതിരെ മുൻകരുതലായി ഞങ്ങൾക്കെന്ത് ചെയ്യാൻ കഴിയും ഡോക്ടർ?

ഡോക്ടർ:-നിങ്ങൾക്ക് പലതും ചെയ്യാൻ കഴിയും. ഇത്തരം രാസ-പദാർത്ഥങ്ങൾ പൂർണമായും ഒഴിവാക്കുക. അതിനു മറ്റുള്ളവരെ പ്രേരിപ്പിക്കുക. കുട്ടികൾക്ക് ഐസ്ക്രീം വലിയ ഇഷ്ടമല്ലേ? അതിൽ ഉപയോഗിക്കുന്ന രാസ-പദാർത്ഥങ്ങളും മധുരമെല്ലാം അപകടകാരികളാണ്.

നന്ദന   :-അപ്പോൾ മിഠായി കഴിക്കാം അല്ലേ ഡോക്ടർ?

ഡോക്ടർ:-മിഠായി,ഐസ്ക്രീം,ജാം,അച്ചാർ തുടങ്ങിയവയൊക്കെ

അപകടകാരികൾ തന്നെ.ഇവ വായ്ക്കൊരു രുചിയും രസവും ഉണ്ടാക്കുന്നു എന്നല്ലാതെ ഇവ പോഷകഘടകങ്ങളൊന്നും ശരീരത്തിനു നൽകുന്നില്ല.ഒട്ടേറെ ദോഷങ്ങൾ ഉണ്ടാക്കുന്നുമുണ്ട്.

## രാമാനുജൻ [1887-1920]

*ഇന്ത്യൻ ഗണിതശാസ്ത്രജ്ഞൻ 1887 ഡിസംബർ 22-ന് തമിഴ്നാട്ടിലെ ഈറോഡിൽ ജനിച്ചു. 1903-ൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. ചെറുപ്പം മുതൽക്കെ ഗണിത പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കാൻ അദ്ദേഹം താൽപര്യപ്പെട്ടു. 1917-ൽ ട്രിനിറ്റിലെ ഉന്നതവിദ്യഭ്യാസത്തിനായി ഫെലോഷിപ്പ് ലഭിച്ചു. 1918-ൽ റോയൽ സൊസൈറ്റിയിൽ ഫെലോ-യായി തിരഞ്ഞെടുക്കപ്പെട്ടു. ഗണിത ശാസ്ത്രത്തിൽ ധാരാളം ഗ്രന്ഥങ്ങൾ പ്രസിദ്ധികരിച്ചു. 1920 ഏപ്രിൽ 26-ന് അന്തരിച്ചു.*

*മിഥുന മുകുന്ദൻ (9B)*



## ഗാന്ധിജി

നമ്മുടെ ഭാരതരാജ്യത്തെ
സ്വന്തമാക്കിയൊരപ്പൂപ്പൻ
ലളിതമായൊരു വേഷവുമായ്
പുഞ്ചിരി തൂകുമൊരപ്പൂപ്പൻ
അഹിംസയെന്നൊരു തത്വത്തെ
പകർന്നു തന്നൊരപ്പൂപ്പൻ
സത്യത്തിൻ പാതയല്ലോ
നമ്മൾക്കായ് തുറന്നുതന്നു
പുഞ്ചിരി തൂകുമീ അപ്പൂപ്പൻ
*നമ്മുടെ രാഷ്ട്രപിതാവല്ലോ*

*സഞ്ജു സി.എസ്.(9A)*



# നാക്കുളുക്ക്

കുട്ടം കുടി കുട്ടാൻ കുട്ടി കുട്ടാൻ
കുട്ടാൻ കുട്ടം കുടി

ഉഷേ,യുഷസിലുഷാറോട്ടുണരണം

ഒരു വഴിയിൽലേഴ കുഴിയാന

തച്ചൻ ചത്ത തച്ചത്തി ഒരു
തടിച്ചി തച്ചത്തി

സൈക്കി റാലി പോലെ ഒരു
ലോറി റാലി

പത്തു തത്ത ചത്തു ചത്ത തത്തപച്ച

ഒരു റോളരുരുട്ടി റോഡിലിട്ടാൽ
റോളുരുരുമോ റോഡുരുളുമോ

ഒളരിയിലെ മുരളി കളരി പഠിച്ചു

നെട്ടുരാനോടാണോടാ കളി

ചരലുരുളുമ്പോളുരലുരുളില്ല

പവിത്ര പി & സൂര്യ വിജയൻ (9A)

## QUIZ

*1. Who is the Chief Election Commissioner of India?*
*Ans:Sunil Arrora*
*2.Who is the Chief Election Commissioner of Kerala ?*
*Ans:V.Bhaskaran*
*3.Who is the Speaker of Lok Sabha ?*
*Ans:Sumithra Mahajan*
*4.Who is known as the Father of Computer ?*
*Ans:Charles Babbage*
*5.Who is the Supreme Court Cheif Justice ?*
*Ans:Ranjan Gogoi*

*അഞ്ജന എസ് (9B)* 

# മദ്യവും മയക്കുമരുന്നും

ജീവിതം എത്ര മനോഹരം. എത്ര വിലപ്പെട്ടത്. ജീവിതം ഒരു അനുഗ്രഹീതമാണ്. ഒരു വരദാനം.അതു നശിപ്പിച്ചുകളയാൻ വിവേകമുള്ള ആരും തയാറകില്ല. തെറ്റായ അനേകം ധാരണകൾ യുവാക്കളെ മദ്യത്തിനും മയക്കുമരുന്നിനും അടിമയാക്കുന്നു. മദ്യപാനം ആനന്ദം തരുന്നു എന്നാണ് ഒരു ധാരണ.മദ്യപാനം സമൂഹത്തിൽ അന്തസ്സ് വർദ്ധിപ്പിക്കുമെന്ന് ചിലർ ധരിക്കുന്നു. എല്ലാം തെറ്റായ ധാരണകൾ തന്നെ. മദ്യവും മയക്കുമരുന്നും തൽക്കാലികമായി ലഹരി തരുന്നു. പിന്നീട്അവയോട് അഡിക്ഷനുണ്ടാ വുന്നു. അവയുടെ അടിമകളാവുന്നു. ജീവിതം നരകമാകുന്നു.ഈ ദുശ്ശീലങ്ങൾ തുടങ്ങിയിട്ട് നിർത്താനല്ല ശ്രമിക്കേണ്ടത്, തുടങ്ങാതിരി ക്കുകയാണു നല്ല വഴി. വീട്ടിലെ അംഗങ്ങൾ തമ്മിൽ നല്ല സ്നേഹബന്ധം നിലനിർത്തുക.സ്നേഹാന്തരാക്ഷത്തിൽ ലഹരിക്കു പുറകെ പോകാൻ ആരും തയാറാവു കയില്ല.

വേണ്ടത് ഉറച്ച തീരുമാനം. വേലിയിലിരിക്കുന്ന പാമ്പിനെ തോളിലെടുത്തി ടേണ്ട. മദ്യപാനവും മയക്കുമരുന്നും വിഷപ്പാമ്പിലും വിഷവഹിക്കുന്ന ഹീനമായ ശീല ങ്ങൾ. അവ ഒഴിവാക്കു 'ജീവിത'മെന്ന അനുഗ്രഹത്തെ നശിപ്പിക്കാതെ സൂക്ഷിക്കുക........

പൗർണമി എം.(9B)



# Juliane koepcke

Juliane Diller(born on 10 october 1954), alias juliane Margaret Koepcke, is a German biologist, born in Peru. She is best known as the sole survivor among 92 passengers and crew in the 24 December 1971 crash of Lansa Flight 508 in the peruvian rainforest. Her memoir ***When I Fell From the Sky*** is an international best seller and is "a gripping account of a harrowing adventure and an inspiring life"



Avani Ajeev(9B)

## അമ്മ

*അമ്മ എന്ന രണ്ടക്ഷരം*
*തുല്യം ദൈവമെന്ന്*
*ഞാനൊന്നു ചിരിച്ചാൽ എൻ*
*അമ്മ ഹൃദയം മധുരിക്കും*
*ഞനൊന്നു വാടിയാൽ എൻ*
*അമ്മ ഹൃദയംവേദനിക്കും*
*കടലിന്റെ ആഴം പോലെ അമ്മ*
*എന്നെ സ്നേഹിക്കുന്നു.*
*വാത്സല്യമാവുന്ന തണലിൽ ഞാൻ*
*എന്നും സന്തോമായിരിക്കെ.*
*അമ്മ കൂടെയുണ്ടെങ്കെൽ ആകാശത്തിലെ*
*നക്ഷത്രങ്ങളെപോലെ എന്നും ഞാൻ തിളങ്ങും*
*അമ്മയുടെ സ്നേഹത്തിന്മേൽ*
*ഞാൻ ആരുമല്ലാതായിപോയി*
*അമ്മയാണെല്ലാം എന്റെ ജീവൻ*
*ഈ ലോകം തന്നെ.*
*അമ്മ എന്ന രണ്ടക്ഷരം*
*തുല്യം ദൈവമെന്ന്..........*



*രവീണ എം.എസ്.(9B)*

# പെയ്ത് തോർന്ന

# മഴ..........

കാർമേഘം ഇരുണ്ടു, തണുത്ത കാറ്റ് വീശാൻ തുടങ്ങി. അടുക്കളയിൽ നിന്ന് ഞാൻ മുറ്റത്തേക്ക് ഓടി എത്തി ആകാശത്തേക്ക് നോക്കിയപ്പോൾ ഒരു സ്നേഹസ്പർശം പോലെ മഴതുള്ളി എന്റെ കവിളിൽ വന്നു വൃണു. കളഞ്ഞുപോയ കൂട്ടുകാരിയെ തിരിച്ചു കിട്ടിയ സന്തോഷം എനിക്ക് അനുഭവപ്പെട്ടു. ആ കുളിർ മഴയിൽ ഞാൻ എന്റെ കുട്ടിക്കാലത്തെ ക്കുറിച്ചും, സ്നേഹംനിറഞ്ഞ എന്റെ കലാലയത്തെക്കുറിച്ചും ഓർത്തു നിന്നുപോയി.

മഴ നനയാൻ എനിക്ക് വലിയ ഇഷ്ടമായിരുന്നു. അമ്മയുടേയും അച്ചന്റെയും കണ്ണുവെട്ടിച്ച് ഒരുപാട് നനഞ്ഞിട്ടുണ്ട്, കളിച്ചിട്ടുണ്ട്. കുട്ടിക്കാലത്ത് ഒര്പാട് ആഗ്രഹിച്ചിട്ടുണ്ട്, മഴയ്ക്ക് ജ്ഥവൻ ഉണ്ടായിരുന്നെങ്കിലെന്ന്..........

ഈ അവസാന നിമിഷങ്ങൾ പിന്നിട്ട് പോകുന്ന വേളയിൽ ആദ്യ വർഷത്തിൽ പ്രിയ കൂട്ടുകാരുമൊത്ത് മഴയത്തുകളിച്ചും, കുടമാറ്റി മഴനനഞ്ഞതും, വെള്ളം തെറിപ്പിച്ച് പരസ്പരം നനച്ചതും, വഞ്ചിയുണ്ടാക്കി ഒഴുക്കിയതുമെല്ലാം ഞാൻ ഓർത്തുപോകുന്നു. സുഹൃത്തുക്കൾ എന്റെജീവിതത്തിന്റെ ഭാഗമായതും,അവരുടെ പുഞ്ചിരി എന്റെ മുഖം മായിച്ചപ്പോൾ, എന്റെ ആദ്യകാല സുഹൃത്തായ മഴയെ ഞാൻ അറിയാതെ മറന്നു പോയി.


ഈ സൗഹൃദ കലാലയത്തിന്റെ അവസാന നാളുകളിലേക്ക് ഞാൻ നടക്കുകയാണെന്നും എന്റെ പ്രിയ കൂട്ടുകാർ എന്നെ വിട്ട് പിരിയും എന്ന സത്യവും മനസ്സിനെ ആകെ ദുഃഖത്തിലാക്കി. ഞാൻ വളരെയേറെ സ്നേഹിച്ച എന്റെ മഴത്തുള്ളികൾ എന്നെ ആശ്വസിപ്പിച്ച്, എനിക്ക് കൂട്ടായി വന്നപ്പോൾ എന്റെ എല്ലാ ദുഃഖങ്ങളും ഈ കോരിച്ചൊരിയുന്ന മഴയിൽ ഒലിച്ചുപോയ പോലെ തോന്നുന്നു. ഇപ്പോൾ ഞാനാദ്യമായി ആഗ്രഹിച്ചുപോകുന്നു. മഴയ്ക്ക് ഒരിക്കലും ജീവൻ ഉണ്ടാകരുതേ...... കാരണം, മഴക്കുട്ടി എന്നെ വിട്ടുപിരിഞ്ഞാൽ പിന്നെ ഞാനില്ല, അത് തീർച്ച.......

*എന്ന് കണ്ണീരോടെ...*

*നന്ദന പി എ (9B)*



## MAHATMA GANHDI



MOHANDAS KARAMCHAND GANDHI was born on October2,1869 in porbandar,Gujarat and was murded in 1948 by Nathuram Godsey.

In the time Gandhi was born India was a colony of the British Empire.The British ruled the country for several hundred years. Many people lived in great poverty because went to London and studied Law in an university. He become a lawyer.Shortly after he was back in India an Indian firm wanted him to go to South Africa where he worked for them.

In south Africa the Indians were not welcome by the white settlers. One day Gandhi got pushed out of the train when he refused to leave his seat for a white person. It was then that decided never to be pushed down again and to fight for the rights of minorities.

*He was a religious man and believed in casts but he did not think that God wanted untouchables to have no rights. He went for long walks through India to collect money for the untouchables and he fought for their rights his whole life.*

മിഥുന മുകുന്ദൻ *(9B)*



# ഭീകരനെ തിന്നുന്ന ഭീകരൻ

പ്ലാസ്റ്റിക്ക് എന്ന ഭീകരനെ ജീർണിപ്പിക്കുന്ന ഒരു എൻസൈം കണ്ടെത്തിയിരിക്കുന്നു. ബിട്ടനിലെപോർട് മൗത്തയൂണിവേഴ് സിറ്റി യിലെ ഗവേഷകരും അമേരിക്കൻ ഊർജവകുപ്പിന് കീഴിലുള്ള നാഷണൽ റിന്യൂവബിൾ എനർജി ലബോറട്ടറിയുംസംയുക്തമായി നടത്തിയ ശ്രമങ്ങളുടെ ഫലമാണ് പുതിയ കണ്ടുപിടിത്തം പ്ലാസ്റ്റിക്കിനെ വിഘടിപ്പിച്ച് ദഹിപ്പിക്കാൻ ശേഷിയുള്ളതാണ് ഇപ്പോൾ കൃത്രിമമായി സൃഷ്ടിച്ചെടുത്തിരിക്കുന്ന എൻസൈം പ്ലാസ്റ്റിക്കിലുള്ളവർഷങ്ങളോളം മാറ്റമില്ലാതെ നിലനിൽക്കുന്ന പോളി ത്തിലീൻ ടെഫ്ത്തലേറ്റ് *എന്ന ഘടകത്തെ വിഘടിപ്പിക്കുക യാണ് ഈഎൻസൈ ചെയ്യുന്നത്.*



*ശിവരഞ്ജിനി (9A)*



## <u>പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ</u>

***(തയ്യാറാക്കിയത് പവിത്ര പി (9A))***

ആരോ പറയുന്ന തെംസ്നദീ, നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ
രണ്ടുതുള്ളിച്ചുടുനീർ നിൻകറുപ്പാർന്ന
നെഞ്ചത്തു വീണപോൽ അദ്ഭുതം!പെട്ടെന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്നദി!
ആ രാഗമല്ലായ്, ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി ,നിൻ നിർജീവ-
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ!
ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നുപോൽ!
നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നുപോൽ
ഇളമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
സാമൺ തുടിച്ചു വിടർന്നു കളിപ്പുപോൽ!

*സുഗതകുമാരി*

# എന്തുരസം

എത്തക്കായതു കൊത്തിനുറുക്കി
ത്തുണ്ടുകളാക്കി ശർക്കരക്കൂട്ടി
ചുക്കും ജീരകവുമിട്ടുവരട്ടി-
*ത്തിന്നാനെന്തൊരു രസമാണാഹാ...*

*ശിവരഞ്ജിനി (9A)*



# വേഗമുറങ്ങൂ

വേഗമുറങ്ങൂ മകളേ, വെയിൽ
ചായുന്ന കൊന്നപ്പൂപോലെ
അമ്പിളി പൊൻതിടമ്പേന്തും കരിം
കൊമ്പനായ് രാത്രി വരുന്നു.
 മാനും മുയലും ഉറങ്ങീ,കാടും
 ആറും കടലും മടങ്ങി
 പായലിൽ മീൻ മിഴി പൂട്ടി, നീല
 ക്കായലിൽ സ്വപ്നമായി സൂര്യൻ
പക്ഷിയും പാട്ടും മടങ്ങീ കൂട്ടിൽ
അക്ഷരം ഏട്ടിൽ മടങ്ങീ
നീ ഉറങ്ങുമ്പോ മകളേ, ലോകം
നീലമയിലിനെ പ്പോലെ,
 നിൻ മിഴിക്കുളിൽ മകളെ, കല്ലും
 പോർനിലം പൂക്കളമാകും
 അമ്മയായ് ഞാൻ നിലാവാകും
 വറ്റും പുഴയിൽ നിർപാടും, തളിർ
മുറ്റും ഉണങ്ങിയ കാട്ടിൽ
വേഗമുറങ്ങു, മകളേ, രാവിൻ
പൂമരം പൂത്തുലയുന്നു
കാറ്റിൻ ചുമലിലെ കാണാച്ചെണ്ട
ചാറ്റൽ മഴ താനിരമ്പും
 വേഗമുറങ്ങു മകളേ വേഗം
 *വേഗമുറങ്ങൂ മലരേ*

*ആകാശ് എസ്(9A)*



# ആപ്പിൾ നേതാവ്

ഒരു കുട്ടയിൽ കുറെ ആപ്പിളുകളുണ്ടായിരുന്നു. അതിൽഒരെണ്ണം മറ്റുള്ളവരിലും വലുതായിരുന്നു. ഞാനാ ഇക്കൂട്ടത്തിൽ വലിയവൻ. അതിനാൽ ഞാനാ നിങ്ങളുടെ നേതാവ്. ഇന്നുമുതൽ ഞാൻ പറയുന്നതുപോലെ കേട്ടോണം വലിയവൻ പറഞ്ഞു. അതുകേട്ട് മറ്റുള്ള ആപ്പിളുകൾ പേടിച്ചുപോയി. കുറച്ചുകഴിഞ്ഞപ്പോൾഉണ്ണിക്കുട്ടൻ കുട്ടയിൽ ഇരുന്ന വലിയ ആപ്പിൾനോക്കി എടുത്തു അപ്പോൾ മറ്റുള്ള ആപ്പിളിന് *സന്തോഷമായി.........*

*ആദിത്യ സുരേഷ്(9A)*



# പ്രളയം വിഴുങ്ങിയ ജീവിതം

***തലമുറകൾ കൈമാറിവന്ന അറിവനുസരിച്ച് 924-ൽ ഉണ്ടായ വെള്ളപ്പൊക്കത്തേ ക്കാൾ വലിയ വെള്ളപ്പൊക്കമാണ് ഈ തവണ നാം നേരിട്ടത്.മനുഷ്യമനസ്സിനെ ഭയപ്പെടുത്തുന്ന രീതിയിലായിരുന്നു വെള്ളത്തിന്റെ വരവ്. 'ഞാൻ മാത്രം മതി' എന്നഅഹങ്കാരത്തോടെയാണ് വെള്ളം എല്ലാ വീടുകളിലും കുടിയേറി പാർത്തത്. കേരളത്തിൽ പലയിടത്തും ഉരുൾപ്പൊട്ടലുണ്ടായി. ഉറ്റവരേയും ഉടയവരേയും നഷ്ടപ്പെട്ട ധാരാളം പേർ നമ്മുടെകൊച്ചു കേരളത്തിൽ അവശേഷിക്കുന്നുണ്ട്. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും പോകാൻ ഇടമില്ലാതെ ബന്ധുവീടുകളിൽ മറ്റും മാറിയവരാണ് ഭൂരിഭാഗം ജനവും.***

***ഈ വർഷത്തെ ഓണം എല്ലാവരും ജാതിയും മതവും മറന്ന് ഐക്യത്തോടെ വളരെ***

***ലളിതമായ രീതിയിലാണ് ആഘോഷിച്ചത്.മാവേലി മന്നന് നല്ലൊരു കാഴ്ചയാണ് ഈ പ്രാവശ്യം മലയാളികൾ ഒരുക്കിയത്. പണക്കാരനും പണം ഇല്ലാത്തവനും എന്ന വ്യത്യാസമില്ലാതെ 'ഒരു കുടക്കീഴിൽ' എന്ന പോലെയായിരുന്നു ദുരിതാശ്വാസ ക്യാമ്പുകളിൽ മലയാളികൾ. 'ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം'എന്ന സന്ദേശം ഇപ്പോൾ കേരളത്തിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. ജീവനു വേണ്ടിയാചിക്കുന്ന ഒരുപറ്റം ആളുകൾ എന്ന നിലയ്ക്കേ കേരളീയരിന്നുള്ളൂ.***

***വെള്ളപ്പൊക്കം കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തുന്ന വീട്ടുകാരെ വളരെയധികം പേടിപ്പെട്ട ത്തുകയാണ് ഇഴജന്തുക്കൾ. വീടിന്റെ മച്ചിലും മരക്കൊമ്പുകളിലും മറ്റും അവയും അഭയം പ്രാപിച്ചുകഴിഞ്ഞു. വീട് വൃത്തിയാക്കുന്നത് വലിയൊരു ചടങ്ങായിത്തന്നെ വീട്ടുകാരും മറ്റു സന്നദ്ധപ്രവർത്തകരും എറ്റെടുത്തിരിക്കുകയാണ്. വീട്ടുകളിലുണ്ടായ നാശനഷ്ടം നിക***

***ത്താൻ രാപകലില്ലാതെ കഷ്ടപ്പെടുകയാണ് വീട്ടുകാർ. ധാരാളം ആളുകൾ കേരത്തിനു വേണ്ടി***

*സംഭാവനകൾ നൽകുന്നുണ്ട്. വിദേശരാജ്യങ്ങളും എത്തുന്നുണ്ട്. ഇതുകൊണ്ട് നമുക്ക് വ്യക്തമാകുന്നത് നാമെല്ലാം സഹോദരി സഹോദരന്മാരാണ് എന്നാണ്.*

*കേരളത്തെ ഈ പ്രളയക്കെടുതിയിൽ നിന്ന് രക്ഷിക്കാൻ ധാരാളം ആളുകൾ രംഗത്തിറങ്ങി. ധാരാളം നന്മനിറഞ്ഞ പ്രവർത്തനങ്ങളാണ് നാം കണ്ടത്. ഒരോ വ്യക്തി കളും ഓരോ സ്ഥാപനങ്ങളും നമുക്ക് മാതൃകയായി മാറി .*

*ജീവനു വേണ്ടി യാചിച്ച ജനങ്ങളെ രക്ഷിച്ചവരിൽ ഏറ്റവും കൂടുതൽ ആദരിക്കേണ്ടത്*

*മത്സ്യ തൊഴിലാളികളെയാണ്. സ്വന്തം ജീവൻ പണയം വെച്ചാണ് അവർ മറ്റുള്ളവരെ രക്ഷിച്ചത്. അതോടൊപ്പം രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട നാവികസേനാംഗങ്ങൾക്കും വ്യോമസേനാംഗങ്ങൾക്കും കേരളത്തെ സഹായിക്കാനായി ഓരോ സംഭാവനകളും നൽകിയ മറ്റ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഒരായിരം നന്ദി.....*



*പൗർണമി. എം.(9B)*

# ഓണം വരവായ്

അത്തപ്പൂക്കളമെഴുതാൻ
ഒത്തിരിപ്പൂക്കളുമായി
ചിങ്ങപ്പുലരികൾ വന്നു
എങ്ങും പൂവിളിയായി
തുമ്പികൾ ചുറ്റും കൂടി
പുത്തൻ പുടവയുടുത്ത്
പൂമ്പാറ്റകളും പാറി
പുള്ളിക്കുയിലുകളെത്തി
പുതിയൊരുഗീതം പാടി
മലയാളക്കരയാകെ
തിരുവോണാപ്പാട്ടൊഴുകി...

അരുൺകുമാർ ഡി ആർ (9A)



# ഉപന്യാസം

വിഷയം: -ഊർജ്ജം ഉപഭോഗവും സംരക്ഷണവും വീടുകളിൽ

**ആമുഖം**

പ്രവൃത്തി ചെയ്യാനുള്ള കഴിവാണ് ഊർജ്ജം.ഊർജ്ജത്തെ സൃഷ്ടിക്കുവാനോ നശിപ്പിക്കുവാ-നോ സാധ്യമല്ല,പകരം അതിനെ ഒരു രൂപത്തിൽ നിന്ന് മറ്റൊരു രൂപത്തിലേക്ക് പരിവർ ത്തനം ചെയ്യാനേ കഴിയൂ എന്ന് ഊർ നിയമം പറയുന്നു.ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനമായി ആചരിക്കുന്നു.സുസ്ഥിര ഭാവിക്കായി ഊർജ്ജ സംരക്ഷണം അത്യാവ ശ്യമാണ്. ഊർജ്ജം അളക്കുന്ന യൂണിറ്റാണ് 'ജൂൾ'.

യാന്ത്രികോർജ്ജം,താപോർജ്ജം ആണവോർജ്ജം,സ്ഥിതികോർജ്ജം,ഗതികോർജ്ജം, വൈദ്യുതോർജ്ജം,പ്രകാശോർജ്ജം അങ്ങനെ നിരവധി രൂപങ്ങൾ ഊർജ്ജത്തിനുണ്ട്.നിത്യ-ജീവിതത്തിൽ ഇത്തരം പലതരം ഊർജ്ജരൂപങ്ങൾ നാം ഉപയോഗിക്കുന്നുണ്ട്. പെട്രോളി യമോ, വൈദ്യുതിയോ ഇല്ലാത്ത ഒരു ദിവസത്തെപ്പറ്റിമനുഷ്യന് ചിന്തിക്കുവാനാവില്ല. ഊർജ്ജമില്ലെങ്കിൽ യന്ത്രങ്ങളെല്ലാം നിശ്ചലം. ഊർജ്ജം എന്ന് കേൾക്കുമ്പോൾ ആദ്യം ചിന്തയിലെത്തുന്നത് വൈദ്യുതിയാണ്.എന്നാൽ പെട്രോൾ , ഡീസൽ കൽക്കരി , പ്രകൃതി വാതകങ്ങൾ എന്നിവയും വളരെ പ്രധാനമുള്ളവയാണ്.

വൈദ്യുതി പ്രധാനമായും ജല വൈദ്യുതപദ്ധതികലളെ ആശ്രയിച്ചാണല്ലൊ ഉൽപ്പാദിപ്പി ക്കുന്നത്. എന്നാൽ ജലസ്രോദസ്സുകൾക്കൊണ്ട് കേരളെത്തപ്പോലെ ലോകത്തിൽ എല്ലാ ഭാഗങ്ങളുംസമ്പന്നമല്ല.അതിനാൽ ഡീസൽ,കൽക്കരി, ആണവ ഇന്ധനങ്ങൾ എന്നിവ വൈദ്യുതി ഉൽപ്പാദനത്തിനായി ഉപയോകപ്പെടുത്തുന്നു.അങ്ങനെ നേക്കുമ്പോൾ പരോക്ഷമായി ഇത്തരം ഇന്ധനങ്ങൾഉപയോഗിക്കുന്നുണ്ട.ഊർജ്ജോൽപ്പാദനം ഭൂമിയിൽ ഖനനം ചെയ്യപ്പെടുന്ന ഇന്ധന സ്രോതസ്സുകൾ വറ്റിക്കുന്നതിന് കാരണമാകുന്നു.

പതിനായിരക്കണക്കിന് വർഷങ്ങൾക്ക മുൻപ് ഭൂമിക്കടിയിൽ കുഴിച്ചുമൂടപ്പെട്ട ജൈവവസ്തുക്കൾ ജീർണ്ണിച്ചുണ്ടായ എണ്ണയും പ്രകൃതി വാതകങ്ങളും കണ്ടെത്തി,കുഴിച്ചെടുത്ത് ശുദ്ധീകരിച്ച്, മനുഷ്യനാവശ്യമായ ഊർജ്ജമാക്കിമാറ്റുന്ന സംവിധാനമാണല്ലൊ നാം ഇന്ന് ഉപയോഗപ്പെടുത്തി വരുന്നത്. ഇനി എത്രനാൾ.......സൃഷ്ടിക്കപെടുന്നതിന്റെ നൂറിരട്ടി വേഗത്തി ലാണ് മനുഷ്യൻ ഇങ്ങനെയുള്ള പ്രകൃതി വിഭവങ്ങൾ ഉപയോഗിച്ച് തീർക്കുന്നത്. മനുഷ്യൻ ഇത്തരത്തിൽ പ്രവൃത്തികൾ തുടർന്നാൽ ഭാവിയിലേക്ക് ഊർജ്ജ് സംരക്ഷിക്കുവാനാവില്ല. ഇവിടെയാണ് ഊർജ്ജ സംരക്ഷണത്തിന്റെ പ്രധാന്യം ഉയർന്ന് വരുന്നത്.

വാഹനങ്ങളുടെ അമിത ഉപയോഗം ഇന്ധന ലഭ്യത കുറയ്ക്കുന്നു.ഇത്തരം ചുരുക്കം ചില സാഹചര്യങ്ങൾ ഒഴിവാക്കുകയും ഊർജ്ജം അമിതമായി ഉപയോഗിക്കാതിരിക്കുന്നതിലൂടെയും ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്താം.

ആവണി അജീവ് (9B)



## DR. RAJENDRA PRASAD



DR.Rajendra Prasad was the first president of independent India.He was the president of the costituent assembly that drafted the costitution. He had also served as a cabinet Minister brifely
in the first Government of independent India. DR. Rajendra Prasad was one of the foremost disciples of Gandhiji and he played a crucial role in Indian freedom struggle.

Dr.Rajendra prasad was born on December3, 1884 in Ziradei village in Siwan district of Bihar. His father's name was mahadev sahay and his mother's name was kamaleshwari Devi . Rajendra prasad was youngest among his siblings. Mahadev sahay was a persian and sanskrit language scholar. DR. Rajendra prasad was greatly attached to his mother and elder brother Mahandra.

He awarded the Bharath Ratna, the nation's highest civilian award. He spent the last few months of his life in retirement at the
*Sadaqat Ashram in patna. Dr. Rajendra prasad died on February 28, 1963.*



*Midhuna Mukundan(9B)*

# കോഴിയും കുറുക്കനും

ഒരിക്കൽ ഒരു കുറുക്കൻ വിശന്നു വലഞ്ഞ് വരികയായിരുന്നു. അപ്പോൾ മരക്കൊമ്പിൽ ഒരു പൂവൻകോഴി ഇരിക്കുന്നത്കണ്ടു. കുറുക്കൻ മരത്തിനടിയിൽ ചെന്നു പറഞ്ഞു ' സുന്ദരനായ കോഴി താഴേക്കു വന്നാൽ നമ്മുക്ക് ഓരോ തമാശകൾ പറഞ്ഞിരിക്കാം.നിന്റെ സൂത്രമൊന്നും എന്റെ എടുക്കെ വേണ്ട. താഴെ വന്നാൽ നീ എന്നെ പിടിച്ച തിന്നുംമെന്ന് എനിക്കറിയാം കോഴി പറഞ്ഞു. ഈ കാട്ടിലെ മൃഗങ്ങൾ പരസ്പരം ഉപദ്രവിക്കാതെ ജീവിക്കാൻ തീരുമാനിച്ചത് നീ അറിഞ്ഞില്ലേ ഉടനെ കുറുക്കൻ ഒരുസുത്രം കണ്ടെത്തി ഹമ്പട കുറുക്കാ അത് കുറുക്കന്റെ സൂത്രമാണെന്ന് കോഴിക്ക് മനസ്സിലായി. പുവൻകോഴി ഉടനെ പറഞ്ഞു ഒരു സിംഹം ഇങ്ങോട്ട് വരുന്നുണ്ട് . കാട്ടിൽ ഇങ്ങനൊരു തീരുമാന മുണ്ടെങ്കിൽ പേടിക്കണ്ടല്ലോ ഹമ്മേ സിംഹമോ?
സിംഹം എന്ന് കേട്ട ഉടനെ കുറുക്കൻ പേടിച്ച വിറച്ച കൂടുതലൊന്നും ചോദിക്കാൻ നിൽക്കാതെ കുറുക്കൻ ഓടെടാ ഓട്ടം" കോഴി ചിരിയോ"*ചിരി...*



*അപർണ മനോജ് (9A)*



## CHARLES BABBAGE

*Charles babbage was born on December 26, 1791 in England. He was a poly math and become a mathamatician, mechanical engineer, inventor and philosopher. He contributed to many different scientific fields but his most famous work is designing a programmable computing device. So he is known as a' father of computer' .*

*Alan Biju (9A)*



## EARTH



Earth is the third planet from the sun and the only astronamical object known to harbor life. According to radiometric dating and the other source of evidence.Earth formed over 4.5 billion years ago.Earth's gravity interacts with other objects in space,especially the sun and the moon earth's only natural satellite

Earth day is a day dedicate to increasing awareness about the earth, its issues and problems.



Aromal Anand (9A)

## പ്രളയാനുഭവം



അനാമിക ശശിധരൻ

ജീവിതത്തിന്റെ കഥാന്തരത്തിൽ ഓർത്തുവെയ്ക്കാൻ മലയാളികൾക്ക് ഒരു ദുരന്തം സമ്മാനിച്ചാണ് ആഗസ്റ്റ് എന്ന മാസം കടന്നുപോയത്.മനസ്സിന്റെ വേദനയുടെ ആഴങ്ങളിൽ ഇന്നും നീറയിപുകയുന്നത് പ്രളയം ബാക്കിവച്ചവ മാത്രമാണ്.

കരകവിഞ്ഞൊഴുകിയ നദികൾ പളയപടി പുനാരംഭിച്ചപ്പോൾ ഇവിടെ നിറ ഞ്ഞൊഴുകിയത് ദുരന്തം സമ്മാനിച്ച അനേകായിരം ആൾക്കാരുടെ കണ്ണീരാണ്. നീറി പുകയുന്ന മനസ്സും ഒരായുസ്സിന്റെ നല്ലൊരു ഭാഗം നെയ്തെടുത്ത ഒരായിരം സ്വപ്നങ്ങളുടെ തകർച്ച കൺമുന്നിൽ കാണുന്ന ഏതോരു മനുഷ്യനും വിധിയെ പഴിക്കും. ജീവിത ത്തിന്റെ പാതയിൽ പകച്ചു നിൽക്കുന്ന ദുരന്തപേമാരിയിൽ പെയ്തൊഴിഞ്ഞ മഴയിലും ഒഴുകിമറഞ്ഞ ജലത്തിലും മായില്ല അനേകായിരംപേരുടെ കണ്ണുനീർ. എത്ര കാല ത്തിന്റെ, കഷ്ടപ്പാടിന്റെ പിടിയിലമർന്നാണ് ജീവിതത്തെ പുതുതായ് മനസ്സാലെങ്കിലും നെയ്യാൻ കഴിയുക എന്നത് പ്രയളയ ബാധിതരുടെ സ്വപ്നം മാത്രമാണ് അല്ലെങ്കിൽ ദുരന്തപേമാരിയിൽ ഒലിച്ചിറങ്ങുന്നത് പ്രകൃതിയുടെ കണ്ണീരാണെങ്കിൽ ഇവിടെ കര കവിഞ്ഞൊഴുകിയത് മനുഷ്യന്റെ അധപതനമാണ്.

ആഗസ്റ്റ് 15 ഏതൊരു ഇന്ത്യാക്കാരന്റെയും ദേശീയതയെ ഉയർത്തുന്ന സ്വതന്ത്ര ദിന സ്മരണകൾ ഉണർത്തുന്ന ദിനം . പൂർണ്ണ സ്വരാജിനായ് അനേകായിരം പേരുടെ വായ്ത്താരികൾ ഒരുമിച്ചുയർന്ന പോലെ മഴ. മഴയായല്ല, പേപമാരിയായ് താണ്ഡവമാടി. ഇരുട്ട് കനത്തു. ആകാശം

കാർമേഘത്താൽ മൂടപ്പെട്ടു. മരച്ചില്ലകൾ നിയന്ത്രണാതിത മായ് ഭയപ്പെടുത്തി ആടിയുലഞ്ഞു . കനത്ത മഴയിൽ നദികൾ നിറഞ്ഞൊഴുകി.

ഡാമുകളുടെ ഷട്ടറുകൾ ഒന്നൊന്നായ് തുറക്കപ്പെട്ടു അസ്വഭാവികമായ് ജലനിരപ്പ് ഉയരു കയും അത് നദികൾ വഴി മാറി പുഴയിലും തുടർന്ന് കുളങ്ങളിലും തോടുകളിലും പറമ്പുകളും നിറഞ്ഞ് കവിഞ്ഞ് ഞങ്ങളുടെ വീടിന്റെ മുറ്റത്തും എത്തി. ആ തെളിഞ്ഞ വെള്ളത്തിലും മൂടികെട്ടിയ ആകാശം തെല്ലൊരു ഭയത്തോടും ഭീതിയോടെയും താഴെ നോക്കി നിന്നു ഇനിയും എന്തോ ബാക്കി വക്കുന്നതുപ്പോലെ അതിന്റെ നോട്ടം എന്നെ അസ്വസ്ഥനാക്കി.

വാർത്തയിൽ 15 സെ.മീ.ഉയർത്തിയ ഷട്ടറിലൂടെ കുതിച്ചുചാട്ടുന്ന ഘനയടി വെള്ളം സെക്കന്റുകൊണ്ട് നദീതീരത്തെത്തുന്ന ദൃശ്യങ്ങൾ എല്ലാവരേയും ഭീതിയിലാഴ്ത്ത ന്നത് അപ്പോൾ മാത്രമാണ്. പെരിയാറിന്റെ തീരത്ത് പ്രളയ ദുരന്തം അനുഭവിച്ച ജന ത്തിന്റെ ഭീകരാസ്ഥ മനസ്സിലാക്കുന്നു.ഇതിനോടകം തന്നെ ആ ഒരു അന്തരീക്ഷം ഇവിടെയും സംഭവിക്കാൻ പോകുന്നു എന്ന ധാരണ എന്നെ ഏറേ അസ്വസ്ഥനാക്കി.

തെളിഞ്ഞ ജലം കലക്കജലമായ് മാറാൻ കുറച്ചധികം നേരം മാത്രമേ വേണ്ട വന്നുള്ളു.കുറച്ചു സമയം മഴയെ നോക്കിനിന്ന ഞാൻ ഒഴുക്കിന്റെ തീവ്രത അറിഞ്ഞത് എളുപ്പത്തിൽ മഴയുടെ താളത്തിനനുസരിച്ച് ഒഴുകിവന്ന പാതി ചളിങ്ങിയ ഒരു പഴയ കുപ്പിയിൽ നിന്നാണ്.

ഒട്ടും താമസിയാതെ ഇതിനോടകം തന്നെ അമ്മ സർട്ടിഫിക്കറ്റുകൾ ബാഗിൽ സുരക്ഷിതമായി വച്ചിരുന്നു. അധികം വയ്കാതെ ഞങ്ങൾ അത്യാവശ്യ സാധനങ്ങളുമായ് വീട്ടുവിട്ടിറങ്ങി അപ്പോഴും ജലം മുട്ടിന് മുകളിലേക്ക് ഉയർന്നിരുന്നു. റോഡിലെ കലക്ക ജലത്തിനും മീതെ തുണി നനയാതിരിക്കിൻ ആവതും ശ്രമിച്ചു എന്നാൽ ബാഗിന്റെ ഭാരത്താൽ ഉടുപ്പ് നനഞ്ഞിരുന്നു . മഴ കലിയടങ്ങിപ്പെയ്യുന്ന മലയാളിയുടെ ഏറ്റവും വലിയ ഉത്സവമാണ് ഓണം,എന്നാൽ ഇത്തവണ ത്തെ ഓണത്തിന് പൂക്കളം ഒരുക്കാൻ കുരുന്നുകളോ സദ്യവട്ടം ഒരുക്കാൻ അമ്മമ്മാരോ ഉണ്ടായിരുന്നില്ല. എല്ലാവരും അവരുടെ ഓണം ആഘോഷിച്ചത് വിവിധ ക്യാമ്പുകളി ലാണ്. അതും മാവേലി മന്നൻ ആഗ്രഹിച്ചതുപ്പോലെ സാഹോദര്യത്തോടെ, സ്നേഹ ത്തോടെ ജാതിമതഭേതമില്ലാതെ എന്നാൽ അതിലും സങ്കടം എല്ലാവരും ഒന്നിച്ചത് ഒരു പ്രളയത്തിന്റെ ഒരന്തരീക്ഷത്തി ലാണ്. അവർ സദ്യ ഉണ്ടു ഇലയിൽ എന്നാൽ കണ്ണീരു പ്പോടെ മാത്രമേ അവർ ഒരു ഉരുള പോലും ഇറക്കിയുള്ളൂ. കുട്ടികൾ പൂക്കളമിട്ടു ഒത്തൊരുമയോടെ സ്നേഹത്തോടെ എന്നാൽ പഴയ കളിചിരികൾ ഇല്ലാത്ത അവർ ഓണം ആഘോഷിച്ചു.

പ്രളയ ദുരന്തത്തിൽ സന്തോഷം വിതറാൻ പറന്നിറങ്ങിയ ,ജനങ്ങളെ രക്ഷിച്ച വ്യോമസേനയും,ഒത്തിയൊലിക്കുന്ന ആഴിയിൽ നിന്ന് മരണത്തെ മുഖാമമുഖം കണ്ട് ഒട്ടേറെ ജനങ്ങളെ രക്ഷിച്ച കരസേനയേയും ,നാവികസേനയേയും ,അവരോടുകൂടി പ്രവർത്തിച്ച യാതൊരു സുരക്ഷാസംവിധാനങ്ങൾ ഇല്ലാതെ ആകെയുള്ള സമ്പ്യദ്യമായ വള്ളങ്ങൾ വച്ച് രക്ഷാപ്രവർത്തനങ്ങൾക്കായ് എത്തിയ പച്ച മനുഷ്യരായ മത്സ്യത്തൊഴിലാളികളേയും ,മുഖ്യമന്ത്രിയുടെദുരിതാശ്വാസനിധിയിൽ സംഭാവന നല്കിയ ഒട്ടേറെ നല്ല മനസ്സുള്ള വ്യക്തികൾക്കും വീട് നഷ്ടപ്പെട്ടവർക്ക് സഹായവും ,ഭൂമി നല്ലിയ വ്യക്തികളും സഹായത്തിന്റെ ഉറവിടങ്ങളാണ്.

ഉടുതുണിക്ക് മറുതുണിയില്ലാതെ പ്രണരക്ഷാർഥം എല്ലാംപോയവർ വസ്ത്രങ്ങൾ നൽകിയവരും ,ഭക്ഷണപദാർത്ഥങ്ങളും ,മറ്റ് ആവശ്യ വസ്തുക്കളും നിരന്തരം എത്തിച്ച സഹായ പ്രവർത്തകരും പ്രളയത്തിന്റ അതിജീവനത്തിന് കരുത്തേകിയവരാണ് .ഒരു സംസ്ഥാനത്തിൽ ഒഴുകി എത്തിയ ജലത്തെ കരുത്തോടെ , ആത്മവിശ്വാസത്തോടെ , തിരിച്ചറിവോടെ കൈകാര്യംചെയ്ത് പ്രവർത്തിച്ച ജനങ്ങൾ എല്ലാവരും തന്നെ പ്രളയത്തെ അതിജീവിച്ച മഹാത്മാക്കളാണ്.

*************


അടുക്കളത്തോട്ടം ഒരുക്കങ്ങൾ കൃഷി
ചാന്ദ്രദിനം
സ്വാതന്ത്ര്യ ദിനാഘോഷം
കോളേജ് സന്ദർശനം







ലഹരി വിരുദ്ധദിന ക്ലാസ്സ്





സ്കൂൾ പാർലമെന്റ് ഇലക്ഷൻ







ഹലോ ഇംഗ്ലീഷ്
Hello English
CPTA


മലയാളത്തിളക്കം


പെയിന്റിംഗ് മത്സര വിജയികൾ


റെഡ്ക്രോസ്സ്


ശിശുദിനം



സി.വി.രാമൻ ദിനം
GOVT. HIGHER SECONDARY SCHOOL




പരിസ്ഥിതിദിനം



ഹെൽത്ത് ക്ലാസ്സ്



ഹൈടെക് ക്ലാസ്സ് ഉദ്ഘാടനം












കൈറ്റ് ക്ലാസ്സ്







ലീഗൽ സർവ്വീസ് ക്ലാസ്സ്


പത്രം




ORC




വായനദിനം




ശാസ്ത്രമേള
സ്കൂള്
ഉപജില്ല
ജില്ല
MAGICAL STAR
MAGICAL FLOWER





കകയയകക












# STUDY TOUR






# paintings








HEAD MASTER
BIOLOGY